

# ഇതൾ

DIGITAL MAGAZINE BY LITTLE KITES UNIT

# SACRED HEART HIGHER SECONDARY SCHOOL PAYYAVOOR

# സന്ദേശം

അറിവിന്റെ ഉറവിടമായ വിദ്യാലയത്തിൽ സ്വപ്നങ്ങളും ചിന്തകളും പ്രതീക്ഷകളുമായി എത്തുന്ന ഓരോ കുട്ടിയുമാണ് നാളത്തെ നാടിനെ രൂപീകരിക്കുന്നത്. ഓരോ കുട്ടിയും ഓരോ സർവ്വകലാശാലയാണ്. അവരിലൂടെ സർഗ്ഗാത്മകതയും പുത്തൻ ആശയങ്ങളും സൃഷ്ടിക്കപ്പെടുന്നു. അറിവ് മറ്റൊരാളിൽ നിന്നും പകർന്നു കിട്ടുക എന്നതിനപ്പുറം സ്വയം നിർമ്മിക്കേണ്ടത് ആണെന്നുള്ള തിരിച്ചറിവ് നേടുമ്പോൾ കേവലമായ അറിവുകളുടെ വിനിമയത്തിനും അപ്പുറം അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സജീവവും സമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതമായ വിദ്യാഭ്യാസ പ്രക്രിയ സാധ്യമാകും. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കു വഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്ന് വൈദഗ്ധ്യവും അഭിരുചിയുമുള്ള വിദ്യാർത്ഥികളെ അംഗങ്ങളാക്കി രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി കൂട്ടായ്മയുടെ നമ്മുടെ സ്കൂളിലെ യൂണിറ്റ് 'ഇതൾ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന വിവരം അറിഞ്ഞപ്പോൾ ഏറെ സന്തോഷം തോന്നി. സർഗ്ഗാത്മകതയുടെ പ്രകാശനത്തിന് ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് കൊണ്ട് നടത്തുന്ന ഈ ഉദ്യമത്തിന് എല്ലാ ആശംസകളും നേരുന്നു. ഇതിനു മുൻകൈ എടുത്ത അധ്യാപകരായ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ലിബിൻ കെ. കുര്യൻ, കൈറ്റ് മിസ്ട്രസ് സി. സിജ തോമസ് എന്നിവരെയും സഹകരിച്ച മുഴുവൻ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.

ആശംസകളോടെ,

പി എം ബെന്നി

ഹെഡ്മാസ്റ്റർ, സേക്രഡ് ഹാർട്ട് എച്ച് എസ് എസ്

പയ്യാവൂർ

# ഇതളുകളിലൂടെ............

വറ്റാത്ത സ്നേഹനിലാവ്

ഇരുളിൽ ഒരു ദീപപ്രഭ

കാലാവസ്ഥ വ്യതിയാനം മനുഷ്യരാശിക്ക് വിനാശം

അനുവിന്റെ സ്വപ്നം

പ്രഭാതം

മഴ

എൻെറ യാത്രാനുഭവം

**CAA AND THE REPERCUSSIONS**

**INFLUENCE OF SOCIAL MEDIA**

**True Friend**

**ANDAMAN DIARY**

എങ്ങോട്ടെന്നറിയാതെ

ഒരു പാട്ടു പിന്നെയും

പ്രണയ൦ തകര്ത്ത സ്വപ്ന൦

**TEARS OF NATURE**

നെല്ലിക്ക

**FLY HIGH**

മനുഷ്യൻ നേരിടുന്ന ജീവിതപ്രശ്നങ്ങള്

# വറ്റാത്ത സ്നേഹനിലാവ്

**അഞ്ജന പി എസ്**

ഇതുവരെ ഇല്ലാത്ത സന്തോഷത്തോടെ വീട്ടിലേയ്ക്ക് വരികയായിരുന്നു ഞാൻ. പുറത്ത് അപരിചിതമായ ഒരു ബൈക്ക്. ചാരിയിട്ട കതകിൻെറ വിടവിലൂടെ അടഞ്ഞ ശബ്ദത്തോടെയുള്ള സംസാരം. സന്തോഷത്തിൻെറ പൂമൊട്ടുകൾ വിരിഞ്ഞുനിന്നിരുന്ന എൻെ മനസ്സിൽ ആകുലതകളുടെ പേമാരിപെയ്തു.കതക് മെല്ലെതുറന്ന് ഞാൻ ഉള്ളിൽ കയറി.സ്നേഹത്തിൻെറ നിലാവ്തെളിഞ്ഞപോലെ ആമുഖം ശോഭിച്ചു.

അപ്പോഴും എന്റെ മനസ്സിൽ തെളിഞ്ഞ് നിന്ന ഒരു ചോദ്യമുണ്ടായിരുന്നു. ആരാണിത്? പെട്ടന്ന് ഞാൻ അച്ഛനോട് ചോദിച്ചു ,ആരാ അച്ഛ ഇത്? ഇത് എന്റെ കൂടെ പടിച്ച അങ്കിൾ ആണ് മോളെ അങ്കിൾ എന്നോട് ചോദിച്ചു എന്താമോളുടെ പേര്?അഞ്ജനാന്ന... പിന്നെ ഒത്തിരിവിശേഷങ്ങൾ ചോദിച്ചു. കുറേ കഴിഞ്ഞ് റോസാപ്പൂപോലുള്ള ആ കണ്ണുകൾ കിണറായിമാറി.എന്താകാര്യമെന്ന് ചോദിക്കേണ്ടിവന്നില്ല. കുടുംബപ്രശ്നം അല്ലാതെന്ത്. അങ്കിൾപോയപ്പോൾ സങ്കടപ്പേമാരി പെയ്ത് തീർന്നപോലെ എനിക്ക് തോന്നി.

# ഇരുളിൽ ഒരു ദീപപ്രഭ

**അലിയാ ആൻ ടോം**

തിന്മതൻ ഇരുൾക്കാട്ടുകളിൽ
ഒരു ദീപമായ് ചലിച്ചീടാം
നന്മതൻ തിരുദീപമായ്
ജ്വലിച്ചീടാം

ക്രൂരതതൻ ഇരുൾവീണ
പാതയിലേവം
ഒരു കൈവിളക്കായി
മാറീടാം
പാപികൾക്ക് നന്മതൻ
പ്രകാശവീഥിയിലേക്ക്
സഹായഹസ്തങ്ങൾ നീട്ടിടാം

സന്ധ്യതൻ വിരലുകൾ
മാനം തൊടുംനേരം
തൻ ചെറുദീപം ജ്വലിപ്പി-
ക്കുവാൻ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ
മാനുഷനെന്തേ മടിയിന്നിരുളിൽ
തീക്കോലുരച്ച് തിരിയിൽ കൊളുത്താൻ

മനസ്സിൽ നൈരാശ്യ-
മെഴുന്നവനേവം
മധ്യാഹ്നവും അർദ്ധ-
രാത്രി പോൽ
തോന്നിടും

ജയപരാജയങ്ങളിൽ
അടിപതറാതെ
ശുഭാപ്തിവിശ്വാസത്താൽ
മുൻപോട്ടു പോയിടാം

പാപികൾക്കും ആലം-
ബഹീനർക്കുമെന്നും
സഹായത്തിൻ തിരി-

നാളമായ് ജ്വലിച്ചിടാം

പാവങ്ങൾതൻ മനസ്സിൽ
ഇരുൾ വീണ ആഴങ്ങളി-
ലേക്കൊന്നുളിയിട്ട്
കാരുണ്യമേറും ദീപപ്രഭ-
യായി മാറിടാം

പാപികളെ മാനസാന്തര-
വീഥിയിലേക്ക് നയിച്ചിടും
അനന്തസ്നേഹത്തിൻ
മാതൃകാദീപമായ് മാറാം

അന്തരംഗാന്തരത്തിൽ
പുണ്യം നിറച്ച്
ചുറ്റും ഇരുളകറ്റിടാം
ദീപമയമാക്കിടം

മനസ്സിൻ മൂകമാം സാഗര-
മിരമ്പും നേരം
ആശ്വാസത്തിൻ നിറകുടമായ്
മാറിടാം

മനസ്സിൻ ജ്വലനപ്രഭയാൽ
എങ്ങും ദീപമയമാക്കിടാം
എങ്ങും പുണ്യമയമാക്കിടം

# കാലാവസ്ഥ വ്യതിയാനം മനുഷ്യരാശിക്ക് വിനാശം

**അനാമിക ചന്ദ്രൻ**

മനുഷ്യരാശിനേരിടുന്ന ഒരു വലിയ പ്രശ്നമാണ് കാലാവസ്ഥവ്യതിയാനം. ദിവസം തോറും നമ്മുടെ പരിസ്ഥിതിയിൽ കാലാവസ്ഥയിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ പ്രവർത്തികൾ തന്നെയാണ് ഇതിന് വഴിതെളിക്കുന്നത്. വയലുകൾ നിരത്തുകയും, മലനിരത്തുകയുമെല്ലാം ചെയ്യുംപോൾ നമ്മുടെ കാലാവസ്ഥാവ്യതിയാനത്തിന് വഴിയൊരുക്കുന്നു.

പണ്ട് മേലാളന്മാരുടെ കാൽക്കൽ അഭയം പ്രാപിച്ചിരുന്ന കാലത്ത് നമ്മുടെ പരിസ്ഥിതി വളരെ നല്ലതായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്നതുമൂലം നമ്മുടെ പുഴയും കായലും പരിസ്ഥിതിയും മലിനമാകുന്നു. ഇന്ന് കാലാവസ്ഥാവ്യതിയാനം ഒരു ചോദ്യചിഹ്നമായി മാറുകയാണ്. കാലാവസ്ഥയെ കുറിച്ചുള്ള പഠനം അനിവാര്യമാണ്.

മനുഷ്യന്റെ പ്രവർത്തികൾ ഓസോൺ പാളിയിലെ വിള്ളലുകൾക്ക് കാരണമാകുന്നു. ഇത് ഭൂമിയിലെ സൂര്യതാപം ഉയർത്തുന്നു. അമിതമായ മോട്ടോർവാഹനങ്ങളുടെ എണ്ണമാണ് ഇതിന് കാരണമാകുന്നത്. അന്തരീക്ഷത്തിൽ കാർബൺമോണോക്സൈഡ് കൂടികലർന്ന്, അന്തരീക്ഷമലിനീകരണവും, വെള്ളത്തിൽ പ്ലാസ്റ്റിക്കുകൾ എറിഞ്ഞു കഴിയുമ്പോൾ വെള്ളം മലിനീകരണമാവുകയും ചെയ്യുന്നു. ദിവസംതോറും വെയിലിന്റെച്ചൂട് കൂടുന്നു. മനുഷ്യന്റെ പ്രവർത്തികളിലൊന്നായ മരംവെട്ടുന്നതുമൂലമാണ് ഇത് സംഭവിക്കുന്നത്. അമ്മയായ പ്രകൃതിയെ സ്നേഹിക്കുന്നതിന്

പകരം മനുഷ്യൻ പ്രകൃതിയെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ജീവന് കാവലായ പ്രകൃതി അമ്മയായി, ആശ്വാസമായി,അതിരുകൾ അറിയാത്ത സ്നേഹമായിമാറുമ്പോൾ പലപ്പോഴും മനുഷ്യനാകട്ടെ  ആ അമ്മയെ കൊന്നുകൊണ്ടിരിക്കുന്നു. മലകളും കുന്നുകളും ഇടിച്ച് നിരത്തി കോൺക്രീറ്റ് കെട്ടിടങ്ങൾ ഉണ്ടാക്കുമ്പോൾ ഒരു കാര്യം  ചിന്തിക്കുക. അത് നമ്മുടെ ജീവന്  തന്നെ ഭീഷണിയായിമാറുമെന്ന്.

ദൈവം ദാനമായി നൽകിയ പ്രകൃതിയെഉപദ്രവിക്കുന്നുവെന്ന്ഓർത്തുകൊള്ളുക. നല്ലൊരു ഭാവിക്കായി പ്രകൃതിയെ സംരക്ഷിക്കാം. നമ്മുടെ അമ്മയായി പ്രകൃതിയെ സംരക്ഷിക്കാൻ നമുക്കൊന്നിച്ച് കൈകൾ കോർക്കാം.നാളത്തെ തലമുറയെ സംരക്ഷിക്കേണ്ടത്  നമ്മുടെ  കടമയാണെന്ന ബോധ്യത്തോടെ നമ്മുക്ക്  ജീവിക്കാം.

# അനുവിന്റെ സ്വപ്നം

ദിൽഷ കുര്യാക്കോസ്

അനു അമ്പിളിമാമനെ സ്വപ്നംകണ്ട്നടന്നവൾ. ജീവിതത്തിൽ ലോകം അറിയുന്ന ആളായിതീരണം എന്നതായിരുന്നു അവളുടെ ആഗ്രഹം അതിനായി അവൾ ഒരുപാട് പരിശ്രമിച്ചു. അവളുടെ ജീവിത സാഹചര്യം വളരെ ഏറെ മോശമായിരുന്നു.

അവൾക്ക് സ്വന്തം എന്ന് പറയാൻ അമ്മയും അനിയത്തിയും മാത്രമെ ഉണ്ടായിരുന്നുള്ളു.

ചെറുപ്പത്തിൽ തന്നെ അവൾക്ക് അച്ഛനെ നഷ്ടപ്പെട്ടിരുന്നു. അന്നുമുതൽ അവളുടെ ജീവിതത്തിൽ എല്ലാം അമ്മയായിരുന്നു. അമ്മയുടെ വാക്യം അവൾക്ക് വേദവാക്യമായിരുന്നു അമ്മയെയും അനിയത്തിയെയും ജീവനുതുല്ല്യം സേനഹിച്ചിരുന്നു.

ഒരു ദിവസം ശാസ്ത്രവിഷയത്തിൽ മിടുക്കിയായ അനുവിനെ സയൻസ് അധ്യാപിക വിളിക്കുകയുണ്ടായി എന്താണ് കാര്യമെന്ന് അനേഷിച്ചപ്പോൾ അധ്യാപിക പറഞ്ഞു.. നിനക്ക് ചന്ദ്രനിൽ പോകാൻ ഒരു അവസരം വന്നിരിക്കുന്നു അത് അവളിൽ സന്തോഷം നിറയ്പ്പിച്ചു. താൻ കണ്ട സപ്നം സാക്ഷാൽകാരാമാകും എന്നസന്തോഷമാണ് അവളുടെ മനസ്സിൽ . ആദ്യമായി ചന്ദ്രനിൽ കാൽക്കുത്താൻ പോകുന്ന ഒരു പെൺകുട്ടിഅതും ഒരു ഇന്ത്യക്കാരി . വിട്ടിൽ എത്തിയപ്പോഴേക്കും മാധ്യമങ്ങളുടെ ചോദ്യങ്ങൾ അമ്മതന്റെ ചെറിയ വിദ്യാഭ്യാസം കൊണ്ട് ചന്ദ്രനെക്കുറിച്ച് വാതോരാതെ പറയുന്നു.

അനു I.S.R.O യിലേക്ക് യാത്രതിരിക്കുന്നു. I.S.R.O യിൽ വച്ച് റോക്കറ്റിനുള്ളിലേക്ക് പ്രവേശിച്ചു. നിമിഷങ്ങൾക്കുള്ളിൽ റോക്കറ്റ് കുതിച്ച് ഉയർന്നു അവൾ ചന്ദനിൽ കാൽക്കുത്തി.തിരിച്ചുവരാനായി റോക്കറ്റിൽ കാലെടുത്ത് വയ്ക്കലും അമ്മയുടെ ദേഷ്യപ്പെട്ട ശബ്ദം കേട്ട് അവളുടെ കണ്ണ് തുറപ്പിച്ചു താൻ കണ്ട സ്പനം യാഥാർത്യം അക്കുമെന്ന്

പറഞ്ഞ് അവൾ എഴുന്നേറ്റ് ഒരുങ്ങി അവൾ സ്കൂളിലേക്ക് പോകാൻ ഒരുങ്ങി പോകും വഴിയെല്ലാം താൻ കണ്ടസ്വപ്നം ആലോചിച്ചവൾ നടന്നു.

# പ്രഭാതം

**ദിയ മേരി മാത്യു**

നേരം പുലർന്നു.........

കിളികൾ തൻ മധുരഗാനമിതാ...

കാതുകളിൽ ഈണങ്ങളായി

നദിയുടെ കളകളാരവം -

കാതിൽ താളങ്ങളോടെ കേൾപ്പൂ

അതുകേട്ടുണർന്നു ഞാനും എൻ

ജീവന്റെ നാഥനായ് കാതോർത്തു

പ്രഭാതശോഭയിൽ ആ ദിവ്യപ്രഭയിൽ

കണ്ടു ഞാനെൻ കുറവുകളൊന്നൊന്നായ്

# മഴ

**ഷോബിന ബിജു**

മഴ മഴ മഴ മഴ  മുത്തുമഴ
കാണാൻ  എന്തൊരു ചന്തമഴ
മഴയത്ത് നിന്നാൽ  കുളിർമഴ
തവളകൾ  ചാടിരസിക്കുന്നു
മയിലുകൾ  നൃത്തം  വയ്ക്കുന്നു
കുട്ടികൾ കളിച്ചുരസിക്കുന്നു
അരുവികൾ കവിഞ്ഞ് ഒഴുകുന്നു.

# എൻെറ യാത്രാനുഭവം

നന്ദന

ഒരു ദിവസം ഞാൻ രാവിലെ കാഞ്ഞിരക്കൊല്ലിക്ക് പോയി.പോകും വഴിക്ക് നിറയെ മലകളും താഴ്വരകളും കണ്ടു രസിച്ചു.അവിടെ ചെന്നപ്പോൾ വെള്ളച്ചാട്ടത്തിൻെറ ഇടിമുഴക്കം കേട്ടു.വെള്ളത്തിൽ കളിച്ച് ആസ്വദിച്ച് ഇരിക്കുമ്പോഴാണ് ആകാര്യം ഞാൻ ശ്രദ്ധിച്ചത്.പരന്നൊഴുകുന്ന ജലം കുത്തനെയുള്ള ചരിവിലേക്ക് നിലം പതിക്കുന്നു.അത് കല്ലില് തട്ടിത്തെറിച്ച് വൈരക്കല്ല്പോലെ ചിതറുന്നു.പുകപടലം പോലെയുള്ള ജലത്തിൻെ പ്രവാഹം ഞാൻ കണ്ണുപറിക്കാതെ നോക്കിനിന്നു.ജലത്തിൻെ തണുപ്പ് ദേഹമാകെ കുളിരണിയിപ്പിക്കുന്നതായിരുന്നു.ആ വെള്ളക്കെട്ടില് കളിച്ചുല്ലസിച്ച് മനസ്സില്ലാമനസ്സോടെ ഞാൻ യാത്ര തിരിച്ചു.

വണ്ടിയിലിരിക്കുമ്പോഴും ആ വെള്ളച്ചാട്ടത്തിൻെ ചിത്രമായിരുന്നു എൻെ മനസ്സ്നിറയെ.ആ കാഴ്ച്ചകളോർത്ത് വരുന്നവഴി ഞാൻ വളരെ മനോഹരമായ ഒരുഉദ്യാനം കാണാൻ ഇടയായി.ഞങ്ങളുടെ വാഹനം അവിടെ നിർത്തി ഞങ്ങളെല്ലാരും അവിടെ ഇറങ്ങി.പല വർണങ്ങളിലുള്ള ഒരുപാട് പൂക്കളുടെ ഒരു കേന്ദ്രമായിരുന്നു അവിടം.ആളുകളൊരുപാട്പേർ ഉദ്യാനം കാനാനും ചെടികളൊക്കെ കാണാനും അവിടെ എത്തിച്ചേർന്നിട്ടുണ്ട്.ആ ഉദ്യാനത്തിന് നടുവിലായി ഒരു കുളവും അതിനകത്ത് താമരകളും നീന്തിക്കളിക്കുന്ന അരയന്നങ്ങളെയും ഞാൻ കണ്ടു.ചെടികളെല്ലാം കാററിനനുസരിച്ച് ആനന്ദനൃത്തം ചെയ്യുന്നതായി എനിക്ക് തോന്നി.കൂട്ടിനകത്ത് കിളികളെ വളർത്തുന്നത് കണ്ട ഞാൻ അങ്ങോട്ട് ഓടി.കിളികളെല്ലാം വർണ്ണച്ചിറക് വിടർത്തി കൂടൊട്ടാകെ പറന്ന് നടക്കുകയായിരുന്നു.അവിടെയിരുന്ന അരിമണി അവയ്ക്ക് ഭക്ഷണമായി എറിഞ്ഞ് ഞാൻ വീട്ടിലേക്ക് മടങ്ങി.

# CAA AND THE REPERCUSSIONS

**Abhinav P Mathews**

Protests have broken out across India, a few of them violent, against the Citizenship (Amendment) Act 2019. The Act seeks to amend the definition of illegal immigrant for Hindu, Sikh, Parsi, Buddhist and Christian immigrants from Pakistan, Afghanistan and Bangladesh, who have lived in India without documentation. They will be granted fast track Indian citizenship in six years. So far 12 years of residence has been the standard eligibility requirement for naturalisation. At the first hearing on petitions challenging the CAA, the Supreme Court declined to stay the contentious law but asked the Centre to file its reply against the petitions that say it violates the Constitution. The petitioners say the Bill discriminates against Muslims and violates the right to equality enshrined in the Constitution.

The legislation applies to those who were "forced or compelled to seek shelter in India due to persecution on the ground of religion". It aims to protect such people from proceedings of illegal migration. The cut-off date for citizenship is December 31, 2014 which means the applicant should have entered India on or before that date. Indian citizenship, under present law, is given either to those born in India or if they have resided in the country for a minimum of 11 years. The Bill also propose to incorporate a sub-section (d) to Section 7, providing for cancellation of Overseas Citizen of India (OCI) registration where the OCI card-holder has violated any provision of the Citizenship Act or any other law in force.

Centre says these minority groups have come escaping persecution in Muslim-majority nations. However, the logic is not consistent – the bill does not protect all religious minorities, nor does it apply to all neighbours. The Ahmedia Muslim sect and even Shias face discrimination in Pakistan. Rohingya Muslims and Hindus face persecution in neighbouring Burma, and Hindu and Christian Tamils in neighbouring

Sri Lanka. The government responds that Muslims can seek refuge in Islamic nations, but has not answered the other questions and hence an ambiguity is felt.

The petitions against the Act are listed for hearing on January 22. In case experts feel that the rules can be challenged on legal grounds, the government will wait till January 22. Since the apex court did not clamp a stay on CAA, the home ministry could notify rules about who all can apply for citizenship, notify the authority and state minimum requirements and cut-off date.

# INFLUENCE OF SOCIAL MEDIA

**Alfiya V S**

Social media is a very powerful weapon used in our day to day life. It is highly useful to know the latest news. Social media is impacting students positively and negatively. Positive practices of social media increase student's social intelligence and understanding of human behaviours. Negative practices of social media make them materialistic, angry and addicted to too many bad things. But it's not the problem, created by social networking websites, but problems arise when we use it without analyzing what we are doing and what will be its impact on us, our family, society, and country. That's why social media is not only a great tool for personal development but it is also a tool for personal and social destruction.

A few years ago there was a note, that is "You can sign up for a Facebook account by your choice but you can't exit without the choice of Facebook. I mean you can't delete, else deactivate is not a delete. That's also a good feature by Facebook to hold for cyber crime investigators. But too much use of social media for school and college students deviated from their career and personal development.

Social media is a new playground for students. Students living with their parents in cities are unable to find a playground to connect with friends. And they saw Facebook and other social media websites for fun and joy. They are not playing cricket on Facebook but they have invented new kind of games such as watching profiles, sending friends request to unknown people, chatting with opposite sex for pleasure and fun or for time pass etc.

Contractor of religions and their defective religious conversions on social media keep looking for an opportunity to penetrate the countries integrity by influencing students. Similarly, elusive political leaders and their social media birds keep tweeting, sharing vomiting of their mindset.

Responsible way of social media management includes

1. Promotion of Social Upliftment
2. Use of social media websites by defining career goals.
3. Analysis between fake and original content.
4. Discussion with parents before taking any final step on the social media content.

# True Friend

**George Joseph**

"Friendship is an invaluable virtue." Every student has a true friend. That person could be our best companion. Sometimes we save our friends from a problem. Sometimes unfortunately they cheat us. That is a funny thing in our school life. Some guys when they feel angry to our best friends, we might be really sad, and feel anger to that guys. When I was studying in 1st standard, Ii had a girl friend named Ayisha. We were best friends at that time. After the 2nd standard she went to another school. After that I became really sad. Then I came to H.S and I was able to find a good friend in my life. Then find your real friend in your school life, that will be really helpful to you.

After the emergence of social networking sites like Facebook, Twitter, Instagram etc. words like befriending, unfriending, following have become common in our day to day life. There is a saying 'Tell me who your friends are. Then I shall tell you who you are.' It clearly indicates the influence of friends. They can lead us anywhere and choosing the appropriate friends requires prudence and contemplation.

# ANDAMAN DIARY

**Nandakrishna S N**

It was the sixth day I arrived in the Andaman & Nico-bar. Today I am going to Rose Island in Andaman which is an island close to the city Portblair. The time is 11 am. I reached in the ferry terminal at 11 25. I entered a high speed passenger boat. It was very beautiful to see the water while the boat was moving. It was very nice to see the light blue colour of the water when we moved. Within 20 minutes, I was close to the island. By 12 noon, I stepped into the Rose Island. At first I saw a small park which was very beautiful. After walking for a while, I could see a place where there were trees, deer, peacocks. I touched a deer for the first time in my life and it was a wonderful experience.

We started walking and saw a big old church. Some parts of the church had vanished in Tsunami in 2005. The parts of some buildings were covered with branches of trees and creepers. As I progressed, I saw a small forest and its major attraction was a pond. Many ducks were seen swimming. Visiting this place was indeed an amazing experience for me. Finally we could see a small theatre where a documentary was being played. After enjoying these visual treats, we moved towards the ferry. It was a wonderful experience in my life which I shall never forget.

# എങ്ങോട്ടെന്നറിയാതെ

റോസ്മരിയ ജോസഫ്

ചോര നീരാക്കി ഉണ്ടാക്കിയതെല്ലാം

വിട്ടെറിഞ്ഞിറങ്ങുന്നു

തെരുവീഥിയിൽ തകരുന്നു

സ്വപ്നങ്ങൾ

സമ്പത്തുകാലത്ത് കെട്ടിയുയർത്തിയതെല്ലാം

ഒരു നിമിഷം കൊണ്ട് തകർത്തടിയുന്നു

പാർക്കുവാൻ കുടിൽ പോലുമില്ലാതെ

സാന്ത്വനമായ് അരികത്ത് ആരുമില്ല

അഹങ്കാരനിർഭരമായി ഫ്ളാറ്റുകൾ

കെട്ടിയുയർത്തി മനുജൻ

ഇന്നെങ്ങോട്ടെന്നറിയാതെ ഉഴലുന്നു മനുജൻ

പ്രകൃതി തൻ രോദനങ്ങൾക്ക് കാതോർത്തിടാതെ

പണിതുയർത്തി ബഹുനില കെട്ടിടനിരകൾ

കാലവർഷം രൗദ്രതാണ്ഡവമാടിയ ദിനങ്ങൾ

ഓർത്തിടുമ്പോൾ മനുജൻ പകച്ചു നിൽക്കുന്നു

ക്ഷുഭിതവ്യാളങ്ങളെപ്പോൽ ആർത്തിരമ്പും

ജലത്തിനു മുൻപിലായ് സർവതും വിട്ടെറിഞ്ഞിറങ്ങി മനുജൻ

കുടിയിറക്കപ്പെട്ടവൻതൻ കണ്ണുനീര്

കാണുവാൻ ആരോരുമില്ലാ തെരുവീഥികളിൽ

# ഒരു പാട്ടു പിന്നെയും

ഷിഫാന പി എസ്

പ്രശസ്ത കവയിത്രി സുഗതകുമാരിയെഴുതിയ കവിതയാണ് 'ഒരു പാട്ടു പിന്നെയും' എന്ന കവിത. ഒരു പക്ഷിയുടെ നൊമ്പരമാണ് ഈ കവിതയിലൂടെ കവയിത്രി കാണിക്കുന്നത്. മനുഷ്യന്റെ പ്രകൃതിയോടുള്ള ക്രൂരതയെ ആണ് ഈ കവിതയിലൂടെ നമ്മളെ അറിയിക്കുന്നത്. പ്രകൃതിയിലെ മരങ്ങൾ വെട്ടുന്നതോടെ പക്ഷികൾക്ക് വാസസ്ഥലം ഇല്ലാതാവുകയാണ് ചെയ്യുന്നത്. മരങ്ങളെ മനുഷ്യൻ വെട്ടിക്കളയുന്നത് കൊണ്ട് പക്ഷികൾ ഇതൊക്കെ ആരോടാണ് പറയുക. ഈ ക്രൂരതയൊക്കെ മനുഷ്യനാണ് ചെയ്യുന്നത്. മനുഷ്യന്റെ ഇങ്ങനെയുള്ള പ്രവർത്തികൾ ആണ് സുഗതകുമാരിയെ ഇങ്ങനെയുള്ള കവിതകൾ എഴുതാൻ പ്രേരിപ്പിക്കുന്നത്. സ്വന്തം സുഖവും സൗകര്യങ്ങളും മാത്രം അന്വേഷിക്കുന്ന, അത് ഉറപ്പുവരുത്താൻ വേണ്ടി എന്ത് ക്രൂര പ്രവൃത്തികളും ചെയ്യാൻ മടി കാണിക്കാത്ത മനുഷ്യൻ പ്രകൃതിയെ കുറിച്ചോ അതിലെ ജീവജാലങ്ങളെ കുറിച്ചോ തീരെ ചിന്തിക്കാറില്ല എന്ന സത്യം കവയിത്രി ഈ കവിതയിലൂടെ വിളിച്ചു പറയുന്നു. കാടും മലകളും പുഴകളും പുൽമേടുകളും പക്ഷിമൃഗാദികളും ഉൾക്കൊള്ളുന്ന ഈ ഭൂമിയിലെ ഒരംശം മാത്രമാണ് മനുഷ്യൻ എന്ന വസ്തുത തന്റെ രചനകളിലൂടെ എക്കാലവും ലോകത്തോട് തുറന്നു പറഞ്ഞിട്ടുള്ള സാഹിത്യകാരിയാണ് സുഗതകുമാരി.

# പ്രണയം തകർത്ത സ്വപ്നം

**ഷോബിന ബിജു**

ജീവിത്തിൽ ഒരുപാട് സ്വപ്നങ്ങൾ കണ്ടായിരുന്ന അപ്പു ഉപരിപഠനത്തിനായി വിദ്യാലയപടികൾ ഇറങ്ങിയത്. താൻ ഏറെ സ്നേഹിച്ച വിദ്യാലയവും അധ്യാപകരെയും വിട്ട് പിരിഞ്ഞതിൽ ഏറെ സങ്കടമുണ്ടായിരുന്നു. എങ്കിലും അത് തൻെറ നല്ല ഭാവിക്കായിരുന്ന എന്നത്കൊണ്ട് അപ്പു സന്തോഷിച്ചിരുന്നു.

അങ്ങനെ വിദ്യാലയ ജീവിതത്തിന് വിരാമമിട്ട് 6-മാസത്തെ അവധിക്ക്ശേഷം അപ്പു മെക്കാനിക്കൽ എജിനിയറിങ് പഠനത്തിനായി മംഗലാപുരത്ത്പോയി.ഒരു മെക്കാനിക്കൽ എജിനിയറായി ഇന്ത്യൻ ആർമിയിൽകയറി.രാജ്യസേവനം ചെയ്യണം എന്നായിരുന്ന അപ്പുവിൻെ ആഗ്രഹം.അതിനായി അവൻ ചെറുപ്പം മുതൽ പരിശ്രമിച്ചിരുന്നു.ഈ അഗ്രഹം പൂർത്തീകരിക്കാനായിരുന്ന അപ്പു പോയത്.

ആ യാത്രക്കിടയിലായിരുന്ന അപ്പു മാളുവിനെ കണ്ടുമുട്ടിയത്. മാളു മംഗലാപുരത്ത് നേഴ്സിംങ് പഠനത്തിനായി പോവുകയായിരുന്നു.ഒരു തവണ കണ്ടതെ അവന് അവളെ ഇഷ്ടമായി.ആ യാത്രയ്ക്കിടയിൽ അവർ തമ്മിൽ പരിചയപ്പെട്ടു.അങ്ങനെ തീവണ്ടി മംഗലാപുരത്തെത്തി.ഇരുവരും കൈകൊടുത്ത് പിരിഞ്ഞു.ഇനിയൊരിക്കലും കണ്ടുമുട്ടില്ലെന്നായിരിന്ന അവരുടെ പ്രതീക്ഷ.

എന്നാൽ വിധി ഇവിടെ മറിച്ചായിരുന്ന സംഭവിച്ചത്.അവർ പല തവണയും കണ്ടുമുട്ടി.ഇത് പതിവായി.ഫോൺ വിളികളും പതിവാക്കി.അവധി ദിനങ്ങൾ ഒരുമിച്ച് ചിലവഴിക്കാൻ തുടങ്ങി.

അവരുടെ സൗഹൃദം പതിയെ പ്രണയത്തിന് വഴിയൊരുക്കി.എന്നാൽ മാളുവിന് 4 വര്ഷം ഒപ്പം നടക്കാനും,കറങ്ങാനും ആയിരുന്ന ആ പ്രണയം.അതിനായി അവൾ കപഡ സ്നേഹം നടിച്ചു.

കാലങ്ങൾ കഴിഞ്ഞു. ഇരുവരുടെയും പഠനം പൂർത്തിയാകാറായി.മാളുവിന് ആവശ്യങ്ങൾ കഴി-ഞ്ഞപ്പോൾ അവൾ അപ്പുവിനെ തള്ളിക്കളയാൻ തുടങ്ങി.അവളുടെ വീട്ടിൽ അവൾക്ക് വേറെ ഒരു കല്യാണം ആലോചിക്കുന്നുവെന്നും അവൾ അപ്പുവിനോട് പറഞ്ഞു.അപ്പുവിന് താങ്ങുന്നതിനും അപ്പുറമായിരുന്നു അത്. അത് അവനെ പരീക്ഷയിൽ തോൽപ്പിച്ചു.അവൻ കണ്ട ലക്ഷ്യങ്ങളും സ്വപ്നങ്ങളും തകർന്നു.അപ്പുവിന് സ്വന്തം ആഗ്രഹങ്ങൾ മണ്ണടിഞ്ഞ് പോയെന്ന് തോന്നി.

# TEARS OF NATURE

**Sneha Joseph**

where are my trees?
Where is my beauty?
Where is my beautiful river?
I can’t see anything

Where are my mountains?
Where is my valley?
Where are my animals?
I can’t see anything

Where are my beautiful flowers?
Where is my forest?
Where is my desert?
I can’t see anything

Where is my hill?
Where is my paddy field?
Where are my streams?
I can’t see anything

# നെല്ലിക്ക

**സോന എ ആർ**

നന്മകൾക്ക്നിറം കെട്ടുന്നൊരു കാലമെന്നുണ്ണി
തിന്മകൾക്ക് നിറച്ചുവർണചന്തം എന്നുണ്ണി
മിന്നുന്ന പലതെങ്കിലും അവ പൊന്നല്ലെന്നുണ്ണി
പൊള്ളയായ പഴത്തിനുള്ളിൽ വിത്തുമില്ലുണ്ണി
ദീപനാളം കണ്ടുപാറും പ്രാണികൾപോലെ
ചിറക് വെന്ത്കരിഞ്ഞ് മണ്ണിലലിഞ്ഞിടല്ലുണ്ണി
ആററിൽ മുങ്ങി ഉറഞ്ഞ്തുള്ളി ഉണർന്ന ബാല്യങ്ങൾ
ആററിലിപ്പോൾ അർബുദപ്പുണ്ണായി മണൽക്കുഴികൾ

നന്മകൾക്ക്നിറം കെട്ടുന്നൊരു കാലമെന്നുണ്ണി
തിന്മകൾക്ക് നിറച്ചുവർണചന്തം എന്നുണ്ണി
വിൽപ്പനയ്ക്ക് നിരത്തിവച്ചവ ഒക്കെ വിത്താണ്
വിത്ത് വാരിവിതച്ചപാടം ചത്തിരിപ്പാണ്

നാളെ ഞാനും നിൻെ നാട്ടും ഈമുളംകാട്ടും
ലേലമിട്ട് വിരുന്ന്കാർക്ക് വിളമ്പും എന്നുണ്ണി
നന്മകൾക്ക്നിറം കെട്ടുന്നൊരു കാലമെന്നുണ്ണി
തിന്മകൾക്ക് നിറച്ചുവർണചന്തം എന്നുണ്ണി

മാററമില്ല എന്ന്കരുതിയതൊക്കെയും മാറി
മാററവും മറുമാററവും ചെറുതോററവും മാറി
പാട്ടുമാറി പകിടമാറി പതിവുകൾ മാറി
കൂത്തു മാറി കുടിലു മാറി കൂട്ടുകൾ മാറി

നന്മകൾക്ക്നിറം കെട്ടുന്നൊരു കാലമെന്നുണ്ണി

തിന്മകൾക്ക് നിറച്ചുവർണചന്തം എന്നുണ്ണി

മിന്നുന്നുപലതെങ്കിലും അവ പൊന്നല്ലതെന്നുണ്ണി

പൊള്ളയായ പഴത്തിനുള്ളിൽ വിത്തുമില്ലുണ്ണി

# FLY HIGH

**Elwin P Lijo**

It was my dream to fly in flight .

Now I'm happy because I achieved my dream to fly in a plane.

It cannot be erased from my memory . It was a cherishing one.

I entered the flight and flew in the air last week, from Kannur international airport to Kochin international airport.

It was a wonderful experience for me. I was not able to make out the rules and regulations that we should keep in an airport.

When I asked it to my father he said the rules and regulations that we should keep in airport. I asked this to him because he traveled in the air many times. It was my first journey in an aeroplane.

I and my sister didn’t travel in a plane before. I was not having any desire to fly to different places. My desire was to fly in the flight. When my father said to me that we are going in flight, I became extremely happy. I became happy because I was going to fulfill my wish. From that day on wards I was counting the day till the day I flew in an aeroplane. we have to reach in the airport at 6’o clock am so we have to wake up early. I wake up at 4:30 am and get ready by 5:00 am. Seven members from my family travelled from Kannur to Kochi by aeroplane. besides me they are my parents, sister, maternal grandparents, paternal grandmother. We were very happy to travel in plane. I, my sister and my paternal grandmother was travelling for the first time in an aeroplane.

At exact 6 am we reached in the airport. After the checking we entered in the airport after that we got the boarding pass to fly in the plane. Every checking was finished by 6:30 am. So we have to wait for a half an hour to enter in the plane. At 6:55 am we have to enter in a bus. The bus took us to the plane. Then we entered into the plane. then the airhostess help me to find my seat and gave me many instructions. At exact 7:00 am the plane had taken off. When we reached in the air I was amazed that I saw many clouds it seems to be like large cotton bundles. When I looked through the windows I saw many houses just like a small polygon. After 45 minutes we landed in the Kochi international airport. Now I’m thinking that I need to fly again in the plane.

# മനുഷ്യൻ നേരിടുന്ന ജീവിതപ്രശ്നങ്ങൾ

**വിസ്മയ രാജ്**

കാലവർഷം രൗദ്രതാണ്ഢവമാടിയ ദിനങ്ങൾ.

മനുഷ്യൻ പകച്ചുനിന്ന നാളുകളായിരുന്നു. ക്ഷുഭിതവ്യാളങ്ങളെപ്പോലെ ആർത്തിരമ്പിയ പ്രളയം. മനുഷ്യരാശിയെ വലിയ പാഠം തന്നെയാണ് പഠിപ്പിച്ചത്. കേരളം നേരിട്ട നൂറ്റാണ്ടിലെ പ്രളയം കാലാവസ്ഥാവ്യതിയാനത്തിന് ഒരുദാഹരണമാണ്.

കുന്നുകൾ ഇടിച്ചുനിരത്തിയും,മരങ്ങൾ വെട്ടിമുറിച്ചും മനുഷ്യൻ പ്രകൃതിയോടു ചെയ്ത ക്രൂരതകൾക്ക് കണക്കില്ല. ഇതിനെല്ലാം പ്രകൃതി ഒരിക്കൽ പകരം ചോദിക്കുമെന്ന് മനുഷ്യൻ അന്നോർത്തില്ല. പ്രളയം പടിവാതിൽക്കൽ എത്തിയപ്പോൾ മാത്രമാണ് മനുഷ്യൻ അതറിഞ്ഞത്. ആർത്തിരമ്പിയെത്തിയ പ്രളയത്തിനുമുമ്പിൽ മനുഷ്യൻ പകച്ചുനിന്നു. ചോര നീരാക്കി ഉണ്ടാക്കിയതെല്ലാം വിട്ടെറിഞ്ഞിറങ്ങുവാൻ ആളുകൾ മടിച്ചു. എന്നാലും ഇറങ്ങേണ്ടി വന്നു. മനുഷ്യർ ജാതിമതവർഗ ഭേതങ്ങളുടെ മതിൽക്കെട്ടുകൾ തകർത്ത് പ്രളയകാലത്ത് കൈകോർത്തു. പാഠപുസ്തകങ്ങൾ പ്രളയം കൊണ്ടുപോയെങ്കിലും ആ പുസ്തകത്താളുകൾക്കപ്പുറമുള്ള ഒരു വലിയ പാഠം നമ്മെ പഠിപ്പിച്ചു.

കാലാവസ്ഥവ്യതിയാനം മൂലം മനുഷ്യരാശി നേരിടുന്ന ഭീഷണികളുടെ ഒരു നേർസാക്ഷ്യമാണ് കേരളം നേരിട്ട നൂറ്റാണ്ടിലെ പ്രളയവും അതിനെത്തുടർന്നുണ്ടായ കൊടും ചൂടും വരൾച്ചയും. കാലവർഷം കലിതുള്ളിയ ദിനങ്ങൾക്കുശേഷം കേരളം നേരിട്ടത് കൊടും വരൾച്ചയായിരുന്നു. കുടിനീരായി എങ്ങുമലഞ്ഞു...മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരമായ പ്രവർത്തനങ്ങൾക്ക് പ്രകൃതി തിരിച്ചും പ്രതികാരം

ചെയ്യുമെന്ന് മനുഷ്യൻ മനസിലാക്കിയ ദിനങ്ങളാണിത്.

ഇന്ന് ആഗോളതാപനം ഭൂമിയിലെ സർവ്വജീവജാലങ്ങളും നേരിടുന്ന ഒരു വലിയ ഭീഷണിയാണ്.ആഗോളതാപനത്തിനു കാരണമാകുന്ന ഹരിതഗൃഹവാതകങ്ങളുടെ വർധനവ് തന്നെയാണ് ഇവയ്ക്ക് കാരണം. നിശ്ചിതകാത്തിനുശേഷവും സർവ്വീസ് ചെയ്യതെ വാഹനങ്ങൾ ഓടിക്കുമ്പോഴെല്ലാം അവയിൽനിന്നും പുറപ്പെടുന്നത് കാർബൺ മോണോക്സൈഡ് പോലുള്ള വിഷവാതകങ്ങളാണ്. ഇവ ശ്വസിച്ചാൽ മനുഷ്യന് ജീവഹാനിവരെ സംഭവിച്ചേക്കാം. മാത്രവുമല്ല ,ഇത്തരം അപകടകരങ്ങളായ വാതകങ്ങൾ അമിതമായി വർധിച്ചാൽ അവ അന്തരീക്ഷത്തിൽ നിറഞ്ഞ് ഓസോൺപാളികളുടെ വിള്ളലിന് കാരണമായേക്കാം. അതുവഴി സൂര്യനിൽനിന്നുള്ള അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിലെത്തുകയും ഭൂമിയിൽ വരൾച്ച അനുഭവപ്പെടുകയും ചെയ്യുന്നു. വിനാശകാരികളായ കാലാവസ്ഥാ വ്യതിയാനങ്ങൾ മനുഷ്യരാശിയെ കാർന്നു തിന്നു.